**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 199** **21-01-2021 - ൽ മറുപടിയ്ക്ക്**

**ഗെയിൽ പൈപ്പ് ലൈൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുല്ലക്കര രത്നാകരൻ ,<br>ശ്രീ. ചിറ്റയം ഗോപകുമാർ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. എൽദോ എബ്രഹാം | | **Shri E. P. Jayarajan**<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) | |
| (എ) | 2010-ൽ ആരംഭിച്ച് 2016 വരെ മുൻസർക്കാരിന്റെ അനാസ്ഥ മൂലവും സ്ഥലം ഏറ്റെടുത്ത് നൽകാത്തതിന്റെ പേരിലും ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യാ ലിമിറ്റഡ് ഉപേക്ഷിച്ച പദ്ധതി ഈ സർക്കാർ വന്നശേഷം ഗെയിലിനെ തിരിച്ചുവിളിച്ച് പുനരാരംഭിച്ചതാണോ എന്നറിയിക്കുമോ; | (എ) | KKBMPL (കൊച്ചി കൂറ്റനാട് ബാംഗ്ലൂർ മംഗ്ലൂര് പൈപ്പ് ലൈൻ) പദ്ധതി 2 ഘട്ടങ്ങളിലായാണ് കേരളത്തിൽ നടപ്പാക്കിയത്. പദ്ധതിയുടെ ഒന്നാം ഘട്ടം KKBMPL Phase-1 48 കിലോമീറ്റർ ദൈർഘ്യം വരുന്ന പൈപ്പ് ലൈൻ കൊച്ചിയിൽ 2010 ൽ ആരംഭിച്ച് 2013ൽ കമ്മീഷൻ ചെയ്തു. KKBMPL (കൊച്ചി--കൂറ്റനാട്--ബാംഗ്ലൂർ--മാംഗ്ലൂർ പൈപ്പ് ലൈൻ) Phase - 2 പദ്ധതി 2012ൽ ആരംഭിച്ചുവെങ്കിലും ചില എതിർപ്പുകൾമൂലം പദ്ധതി മുന്നോട്ടു കൊണ്ടുപോകാനായില്ല. തുടർന്ന് ഈ സർക്കാർ വന്നശേഷം 2016ൽ പദ്ധതി പുനഃരാരംഭിച്ച് 2020 അവസാനത്തോടുകൂടി പണി പൂർത്തീകരിക്കുകയും 5.01.2021ൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രി കൊച്ചി മംഗലാപുരം പൈപ്പ് ലൈൻ നാടിന് സമർപ്പിച്ചു. |
| (ബി) | ഗെയിൽ പൈപ്പ് ലൈൻ കടന്നുപോകുന്ന റൂട്ട് സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ; | (ബി) | KKBMPL (കൊച്ചി കൂറ്റനാട് ബാംഗ്ലൂർ മംഗ്ലൂര് പൈപ്പ് ലൈൻ) Phase-1 പദ്ധതി എറണാകുളം ജില്ലയിലെ പുതുവൈപ്പിനിൽ നിന്ന് ആരംഭിച്ച് അമ്പലമുകളിൽ സ്ഥിതിചെയ്യുന്ന HOCLൽ അവസാനിക്കുന്നു. Phase-2 ന്റെ ഭാഗമായിവരുന്ന കൊച്ചി മംഗലാപുരം പൈപ്പ് ലൈൻ ഏലൂരിൽ സ്ഥിതി ചെയ്യുന്ന ഗെയിൽ IP സ്റ്റേഷനിൽ നിന്ന് ആരംഭിച്ച് എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കൂടി കടന്നുപോയി മംഗലാപുരത്തു സ്ഥിതിചെയ്യുന്ന MCF (Mangalore Chemicals and Fertilizers Limited)ൽ അവസാനിക്കുന്നു. Phase-2 ന്റെ തന്നെ ഭാഗമായിട്ടുള്ള കൂറ്റനാട് - വാളയാർ Section പാലക്കാട് ജില്ലയിലെ കൂറ്റനാടിൽ നിന്ന് ആരംഭിച്ച് വാളയാറിൽ അവസാനിക്കുന്നു. പൈപ്പ് ലൈൻ ജോലികൾ അന്തിമഘട്ടത്തിലാണ്. 94 കിലോമീറ്റർ |

| | | | |
|---|---|---|---|
| | | | വരുന്ന ഈ സെക്ഷൻ മാർച്ച് 31നകം കമ്മീഷൻ ചെയ്യുവാനാണ് ഗെയിൽ വിഭാവനം ചെയ്യുന്നത്. |
| (സി) | ഗെയിൽ പൈപ്പ് ലൈൻ പദ്ധതിയിൽ കേരളത്തിലൂടെ കടന്ന് പോകുന്ന ഇടങ്ങളിൽ പണി പൂർത്തിയായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | 48 കിലോമീറ്റർ ദൈർഘ്യം വരുന്ന KKBMPL Phase-1 പദ്ധതി 2010 ൽ ആരംഭിച് 2013ൽ തന്നെ കമ്മീഷൻ ചെയ്തതാണ്. 450 കിലോമീറ്റർ ദൈർഘ്യം വരുന്ന കൊച്ചി –മംഗലാപുരം പൈപ്പ് ലൈൻ (കേരളത്തിലൂടെ കടന്നുപോകുന്ന പൈപ്പ് ലൈൻ ദൈർഘ്യം 414 കി.മീ) 2016ൽ പുനരാരംഭിച്ച് 2020 അവസാനത്തോട്ടുകൂടി പൂർത്തീകരിച്ചിട്ടുള്ളതാണ്. കൂറ്റനാട് മുതൽ വാളയാർ വരെയുള്ള 94 കിലോമീറ്റർ പൈപ്പ് ലൈൻ ജോലികൾ ഏകദേശം പൂർത്തിയായിക്കഴിഞ്ഞു. SV/IP സ്റ്റേഷനോട് അനുബന്ധിച്ചുള്ള Valve Erection, Earth Filling, Station Piping തുടങ്ങിയ ജോലികൾ മാത്രമേ ബാക്കിയുള്ളൂ. 2021 മാർച്ച് 31നകം എല്ലാ ജോലികളും പൂർത്തീകരിച്ചു കമ്മീഷൻ ചെയ്യുവാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത് |
| (ഡി) | പ്രസ്തുത പദ്ധതി വഴി സംസ്ഥാനത്തിന് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയെന്നറിയിക്കുമോ; | (ഡി) | ഇന്ത്യയിലെ പ്രധാനപ്പെട്ട അടിസ്ഥാന വികസന പദ്ധതികളിൽ ഒന്നാണ് ഗെയിൽ നടപ്പിലാക്കിയ കൊച്ചി-കൂറ്റനാട്- ബാംഗ്ലൂർ - മാംഗ്ലൂർ പൈപ്പ് ലൈൻ പദ്ധതി. പദ്ധതി യാഥാർത്ഥ്യമായതോട്ടുകൂടി ചെലവ് കുറഞ്ഞതും, സുരക്ഷിതവും അന്തരീക്ഷ മലിനീകരണം വളരെ കുറഞ്ഞതുമായ ഇന്ധനം ഗാർഹിക ആവശ്യങ്ങൾക്കും, വാഹനങ്ങൾക്കും, വ്യവസായ ശാലകൾക്കും ലഭ്യമാവുന്നതാണ്. ഇത് കൂടാതെ പ്രകൃതി വാതകം സംസ്ഥാനത്തെ ചെറുകിട - വൻകിട വ്യവസായങ്ങൾക്ക് ഉപയോഗിക്കുന്നതിലൂടെ ഇന്ധന ചെലവ് വളരെയധികം ലാഭിക്കുവാൻ സാധിക്കുന്നതും അപ്രകാരം സംസ്ഥാനത്തിന്റെ വ്യാവസായിക കുതിപ്പിന് ഉപോൽബലകമായി തീരുകയും ചെയ്യുന്നതാണ്. ഈ ഗ്യാസ് പൈപ്പ് ലൈൻ ശൃംഖല നിലവിൽ വരുന്നതോട്ടുകൂടി കേരളം ദേശീയ വാതക ശൃംഖലയുടെ ഭാഗമായി മാറുകയും, അതിലൂടെ തദ്ദേശീയമായി ഉൽപ്പാദിപ്പിക്കുന്ന ചെലവ് കുറഞ്ഞ പ്രകൃതി വാതകത്തിന്റെ വിഹിതം ആവശ്യപ്പെട്ടുവാൻ സാധിക്കുകയും ചെയ്യും. ഇന്ത്യയിൽ അഭ്യന്തരമായി ഉൽപ്പാദിപ്പിക്കുന്ന പ്രകൃതി വാതകത്തിന്റെ വില ഇറക്കുമതി ചെയ്യുന്ന പ്രകൃതി വാതകത്തിന്റെ പകുതി മാത്രമേ ഉള്ളൂ. പ്രകൃതി വാതക ഉപയോഗം മൂലം അന്തരീക്ഷ മലിനീകരണം വളരെയധികം കുറയും എന്നുള്ളതാണ് മറ്റൊരു ഗുണഫലം. മാത്രവുമല്ല എൽ.പി.ജി സിലിണ്ടർ വഹിക്കുന്ന ടാങ്കർ ലോറികൾ സൃഷ്ടിക്കുന്ന അപകടങ്ങൾ ഗണ്യമായി കുറയുകയും, കൂടാതെ എൽ.പി.ജി ക്ഷാമത്തിന് പരിഹാരമാകുന്നതുമാണ്. |

| | | | |
|---|---|---|---|
| | | | സംസ്ഥാന ഖജനാവിന് പ്രകൃതിവാതക ഉപയോഗത്തിന് അനുസൃതമായി നികുതി വരുമാനം ഗണ്യമായി ഉയരുന്നതാണ്. |
| (ഇ) | സാധാരണ ജനങ്ങൾക്ക് ഗെയിൽ പൈപ്പ് ലൈൻ വഴി ഉണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ? | (ഇ) | ഗെയിൽ സ്ഥാപിക്കുന്ന KKBMPL പ്രകൃതിവാതക പൈപ്പ് ലൈൻ കടന്നുപോകുന്ന പ്രദേശങ്ങളിൽ ചെറുകിട വ്യവസായങ്ങൾ, വാഹനങ്ങൾ എന്നിവയ്ക്കുള്ള ഇന്ധനവും (CNG), ഗാർഹിക പാചക വാതകവും (PNG) പൈപ്പ് ലൈൻ വഴി വിതരണം ചെയ്യുന്നതിനായി ടാപ്പ് ഓഫ് സംവിധാനം പൈപ്പ് ലൈൻ കടന്നുപോകുന്ന എല്ലാ ജില്ലകളിലും സ്ഥാപിച്ചിട്ടുണ്ട്. ഇത് വഴി ചെലവ് കുറഞ്ഞതും, സുരക്ഷിതവും അന്തരീക്ഷ മലിനീകരണം വളരെ കുറഞ്ഞതുമായ ഇന്ധനം ജനങ്ങൾക്ക് വീടുകളിൽ പൈപ്പ് വഴി തടസ്സമില്ലാതെ ലഭ്യമാവുന്നതാണ്. ഇത് കൂടാതെ വാഹനങ്ങൾക്കും, ചെറുകിട വ്യവസായങ്ങൾക്കുമുള്ള ഇന്ധനം കേരളത്തിൽ ഉടനീളം ലഭ്യമാവുന്നതാണ്. സിഎൻജി ഉപയോഗിക്കുമ്പോൾ മറ്റ് ഇന്ധനങ്ങളെ അപേക്ഷിച്ച് 25% അന്തരീക്ഷ മലിനീകരണം കുറയും. കൂടാതെ പൈപ്പ് ലൈൻ നിർമ്മാണം, സ്റ്റേഷനുകളുടെ നിർമ്മാണം, സംരക്ഷണം, നടത്തിപ്പ്, എന്നിവയുമായി ബന്ധപ്പെട്ട് നിരവധി തൊഴിലവസരങ്ങൾ കേരളത്തിൽ ലഭ്യമാവുന്നതാണ്. |

സെക്ഷൻ ഓഫീസർ